# ക്രിസ്തുമസ് സന്ദേശം

ജോയിക്കുട്ടി, ഡിട്രോയിറ്റ്

ക്രിസ്തുമസ്സ് ഇന്ന് ഈ ലോകം മുഴുവനുമുള്ള നാനാജാതി മതസ്ഥരായ ആബാലവൃദ്ധം ജനങ്ങൾ ആഘോഷിക്കുന്ന ഒരു ദിനമാണ്. ഈ നല്ല ദിവസം നമ്മൾ ഒന്നിച്ച് ചിന്തിക്കാനായി നല്ലതെന്ന് എനിക്ക് ബോദ്ധ്യപ്പെട്ട ഒരു വിഷയം സമർപ്പിക്കുകയാണ്. ഇതിന് മുമ്പ് പലപ്പോഴും കേട്ടിട്ടും പ്രവർത്തിപഥത്തിൽ കൊണ്ടു വരാതിരുന്ന വിഷയം തന്നെ.

## വാക്ക്

വിശുദ്ധ മത്തായിയുടെ സുവിശേഷം രണ്ടാം അദ്ധ്യായത്തിലെ ഒന്നു മുതൽ മൂന്നു വെരെയുള്ള വാക്യങ്ങളിൽ ഇപ്രകാരമാണല്ലോ വായിക്കുന്നത്: ''ഹേറോദേസ് രാജാവിന്റെ കാലത്ത് യേശു യഹൂദിയായിലെ ബേത്‌ലഹേമിൽ ജാതനായ ശേഷം കിഴക്കു നിന്ന് ജോതിശാസ്ത്രജ്ഞന്മാർ യറുശലേമിൽ ചെന്ന് 'ജാതനായ യഹൂദന്മാരുടെ രാജാവ് എവിടെയാകുന്നു. എന്തെന്നാൽ അവന്റെ നക്ഷത്രം ഞങ്ങൾ കിഴക്കു ദിക്കിൽ കണ്ടു. അവനെ വന്ദിപ്പാനാണ് ഞങ്ങൾ വന്നിരിക്കുന്നതെന്നു പറഞ്ഞു.''

വിശുദ്ധ മത്തായിയുടെ സുവിശേഷം രണ്ടാം അദ്ധ്യായത്തിലെ പതിനാറാമത്തെ വാക്യത്തിൽ: ''ബേത്‌ലഹേമിലും അതിന്റെ സകല അതിരുകളിലും ആളയച്ച് രണ്ടു വയസ്സും താഴോട്ടുമുള്ള എല്ലാ ആൺകുട്ടികളേയും കൊല്ലിച്ചു.''

ഇവിടെ നമ്മൾ ശ്രദ്ധിക്കപ്പെടേണ്ടത്, വെറും സാധരണ ആൾക്കാരല്ല, ജോതിശാസ്ത്രജ്ഞന്മാർ, അതായത് വിദ്ധ്വാന്മാർ അവരുടെ വായിൽ നിന്ന് വന്ന വാക്കുകളാണ്: യഹൂദന്മാരുടെ രാജാവ്. അതു കേട്ട് യെരുശലേം നിവാസികളും രാജാവും പരിഭ്രമിച്ചു. രണ്ടു വാക്കുകൾ ഉണ്ടാക്കിയ വിനയാണ് തുടന്ന് നമ്മൾ വായിച്ചു മനസ്സലാക്കുന്നത്. അവർ ഒരിക്കലും അവിടെയുള്ള അത്രയും ആൺകുഞ്ഞുങ്ങളെ കൊല്ലണമെന്ന് മനപൂർവ്വം ആഗ്രഹമുള്ളവരല്ലല്ലോ. എന്നാൽ സംഭവിച്ചതെന്താണ്?

മനുഷ്യശരീരത്തിൽ എല്ലില്ലാത്ത നാക്കിനെ സൃഷ്ടിച്ചിരിക്കുന്നത് ആർക്കെങ്കിലുമോ, ഈ ലോകത്തിനു തന്നെയോ ദോഷം സംഭവിക്കണമെന്നാഗ്രഹിച്ചായിരിക്കത്തില്ലല്ലോ. എന്നാൽ സംഭവിക്കുന്നത്, സംഭവിച്ചു കൊണ്ടിരിക്കുന്നതെന്താണ്!

''കയ്യിൽ നിന്ന് പോകുന്ന കല്ലും, വായിൽ നിന്ന് പോകുന്ന വാക്കും, കയ്യിൽ നിന്ന് പോകുന്ന പണവും തിരിച്ചു കിട്ടുകയില്ലല്ലൊ''

ഇരുമ്പ് വെള്ളം കുടിച്ചാൽ തിരിച്ചെടുക്കാൻ പറ്റുമോ?

മിക്കവാറും നമ്മളെല്ലാം തന്നെ ആർക്കും ദോഷം വരണമെന്ന് ആഗ്രഹിക്കുന്നവരല്ലല്ലൊ. പക്ഷേ നമ്മുടെ വായിൽ നിന്ന് വരുന്ന വാക്കുകൾ നമ്മൾ ഒരിക്കലും പ്രതീക്ഷിച്ചിരിക്കാത്ത വിനകളാണല്ലോ വരുത്തി വെക്കുന്നത്.

ഭാര്യാ ഭർത്താക്കന്മാർ തമ്മിലും, മാതാപിതാക്കളും മക്കളും തമ്മിലും, സഹോദരങ്ങൾ തമ്മിലും, എന്നു വേണ്ട ഇന്ന് ഈ ലോകം മുഴുവനും കലഹം ഉണ്ടാക്കാൻ പ്രധാന കാരണങ്ങളിലൊന്ന് നമ്മുടെ നാക്കു മൂലമാണല്ലോ.

നമ്മുടെ ഇന്ത്യയിലെ മന്ത്രിമാരും, കേരളത്തിലെ മന്ത്രിമാരും രാഷ്ട്രീയകക്ഷികൾ തമ്മിലും മതങ്ങൾ തമ്മിലും എല്ലാം ഇന്ന് ഉണ്ടായിക്കൊണ്ടിരിക്കുന്ന പല പ്രശ്നങ്ങൾക്കും കാരണക്കാരൻ ഈ നാക്കല്ലേ! എന്നാൽ ഈ നാക്കില്ലാതെ ജീവിക്കാൻ പറ്റുമോ? നാക്കിനെ നിയന്ത്രിക്കാൻ തല കൊണ്ടോ തല ച്ചോറുകൊണ്ടോ സാധിക്കത്തില്ലേ!

ഇവിടെയാണ് പഴമക്കാർ പറഞ്ഞിട്ടുള്ളത്: ''സംസാരം വെള്ളിയാണെങ്കിൽ, മൗനം സ്വർണ്ണമെന്ന്'' കൂടാതെ മൗനം വിദ്ധ്വാനു ഭൂഷണമെന്നും നമ്മൾ പഠിച്ചിട്ടുണ്ടല്ലോ.

സാധാരണ നമ്മൾ പ്രയോഗിക്കുന്നത്''ഉള്ള കാര്യമല്ലേ പറയുന്നത്'' ഏകദേശം രണ്ടായിരം വർഷങ്ങൾക്കു മുമ്പ് വിദ്ധ്വാന്മാർ ഉള്ള കാര്യം പറഞ്ഞതു കൊണ്ട് അവർ ഉദ്ദേശിക്കാത്ത വിധത്തിൽ രണ്ടായിരത്തിൽപരം ആൺകുഞ്ഞുങ്ങളെ കൊന്നില്ലേ! നമ്മൾ ഓരോരുത്തരും പറയുന്ന ഓരോ വാക്കു കൊണ്ടും എന്തെല്ലാം അനർത്ഥങ്ങളാണ് ഉണ്ടാകുന്നത്. പിന്നീട് പശ്ചാത്തപിച്ചിട്ട് വല്ല കാര്യവുമുണ്ടോ!

ഈ ക്രിസ്തുമസ് കാലത്ത് ഈ വിഷയത്തെക്കുറിച്ച് ദീർഘമായി ചിന്തിച്ച് അടുത്ത വർഷം മുതലെങ്കിലും നമ്മുടെ നാവിനെ നിയന്ത്രിച്ച് ആവശ്യമില്ലാത്ത ഒരു വാക്കു പോലും നമ്മുടെ വായിൽ നിന്ന് പോകാതിരിക്കാൻ ശ്രദ്ധിക്കുകയും പരിശ്രമിക്കുകയും ചെയ്യുമല്ലോ.

അനുഗ്രഹപ്രദമായ ക്രിസ്തുമസിന്റേയും ഐശ്വര്യപൂർണ്ണമായ പുതുവത്സരത്തിന്റേയും എല്ലാ മംഗളാശംസകളും നേരുന്നു.